(സി) 2013-14 രണ്ടാം സീസൺ മുതൽ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാർ വിഹിതമായ 167.06 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കാനുണ്ട്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിശ്ചയിക്കുന്ന താങ്ങുവിലയ്ക്കാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയിൽ കുറവ് നൽകി സപ്ലൈകോ നെല്ല് സംഭരിക്കാറില്ല. പുറത്ത് ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വില താമസം കൂടാതെ കർഷകർക്ക് നൽകാൻ ശ്രമിക്കാറുണ്ട്. എന്നാൽ നടപ്പ് സീസണിൽ സംഭരിച്ച നെല്ല് വില കാലതാമസം കൂടാതെ തന്നെ നൽകിവരുന്നു.

(ഇ) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സംഭരണവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിക്കുന്നു.

ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിനുള്ള റാങ്കിംഗ് നടപടികൾ

198 (1241) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡിലെ ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിന് താലൂക്കുതല റാങ്കിംഗ് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റാങ്കിംഗ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുന്നോടിയായി റേഷൻകാർഡുടമകളിൽനിന്ന് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തുന്നതു സംബന്ധിച്ച് 2-2-2015-ലെ സ.ഉ. (കൈ) നമ്പർ 3/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽനിന്ന് സ്വീകരിക്കുന്ന നടപടികളാണ് നടന്നുവരുന്നത്. ടി അപേക്ഷാ ഫാറങ്ങളിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞ് പരിശോധനയ്ക്കുശേഷം റാങ്കിംഗ് നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly